**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1970** | **13.06.2019-ൽ മറുപടിക്ക്**

**കല്ലട ബസ്സിലെ ജീവനക്കാരുടെ തിരിച്ചറിയൽ പരേഡ്**

| **ചോദ്യം**<br>**ശ്രീ.എം. വിൻസെന്റ്** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) യാത്രക്കാരെ മർദ്ദിച്ച കല്ലട ബസ്സിലെ ജീവനക്കാരുടെ തിരിച്ചറിയൽ പരേഡ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത തിരിച്ചറിയൽ പരേഡ് നടത്തിയതെന്ന് അറിയിക്കാമോ; | (എ) പ്രതികളുടെ തിരിച്ചറിയൽ പരേഡ് 20.05.2019-ാം തീയതി നടത്തിയിട്ടുണ്ട്. |
| (ബി) പ്രതികളുടെ തിരിച്ചറിയൽ പരേഡ് നടത്തുവാൻ വൈകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു കൊണ്ടാണ് വൈകിയതെന്ന് വ്യക്തമാക്കാമോ; | (ബി) പ്രതികളുടെ തിരിച്ചറിയൽ പരേഡ് ബഹു. കോടതിയുടെ ഉത്തരവ് പ്രകാരം 09.05.2019 തീയതി നടത്തുവാൻ നിശ്ചയിച്ചിരുന്നതാണ്. എന്നാൽ അന്നേ ദിവസം ടി കേസിലെ സാക്ഷികളായ വിദ്യാർത്ഥികൾക്ക് ഹാജരാകുവാൻ സാധിക്കില്ലായെന്ന് കാണിച്ച് ടി ആളുകൾ കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നതും അതിൻ പ്രകാരം ബഹു.കോടതി 20.05.2019 തീയതിയിൽ തിരിച്ചറിയൽ പരേഡ് നടത്തുന്നതിന് ഉത്തരവായിരുന്നതും അന്നേ ദിവസം തന്നെ തിരിച്ചറിയൽ പരേഡ് നടത്തിയിട്ടുള്ളതുമാണ്. |
| (സി) പ്രതികൾക്ക് സെഷൻസ് കോടതിയിൽ നിന്നും ജാമ്യം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായ അനാസ്ഥ മൂലമാണോ പ്രതികൾക്ക് ജാമ്യം ലഭിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) ജാമ്യം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്നും അനാസ്ഥ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ